REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ വിവരശേഖരണം കേരളത്തിൽ ഇന്ന് അവസാനിക്കും.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിന് ഒമാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് സുൽത്താൻ ഹൈതം ബിൻ താരിഖുമായി ഉഭയകക്ഷി ചർച്ച നടത്തും.**
- **വികസിത് ഭാരത് G-RAM- G ബിൽ ചർച്ചയ്ക്ക് ലോക്സഭയിൽ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് മറുപടി നൽകും.**
- **നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പ് കേരളത്തിലെ ദേശീയപാതാ നിർമ്മാണം പൂർത്തീകരിക്കാനാണ് ശ്രമമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.**
- **ജിദ്ദയിൽനിന്ന് കരിപ്പൂരിലേക്ക് വരികയായിരുന്ന എയർ ഇന്ത്യ എക്സ്പ്രസ് വിമാനം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കി. യാത്രക്കാർ സുരക്ഷിതർ.**
- **കേരള രാജ്യാന്തര ചലച്ചിത്ര മേള നാളെ സമാപിക്കും.**

## വാർത്തകൾ വിശദമായി

തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി BLO- മാർ വീടുകളിലെത്തി വിവര ശേഖരണം നടത്തുന്ന ഘട്ടം സംസ്ഥാനത്ത് ഇന്ന് അവസാനിക്കും. 100 ശതമാനം ഡിജിറ്റിസേഷനും കേരളത്തിൽ പൂർത്തിയായി.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി..

.........വോയ്സ്.........

വീടുതോറുമുള്ള വിവര ശേഖരണം ഇന്ന് അവസാനിക്കുന്നതിനെ തുടർന്ന് ഡിസംബർ 23-ന് കരടു വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. ഇതിൻമേലുള്ള പരാതികൾ സമർപ്പിക്കാൻ ജനുവരി 22 വരെ അവസരം ലഭിക്കും. എന്യൂമറേഷൻ ഫോം സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് ഈ കാലയളവിൽ ഫോം ആറ്, നിശ്ചിത രൂപത്തിലു സത്യവാങ്മൂലം എന്നിവ നൽകി പേരു ചേർക്കാൻ അവസരം ലഭിക്കും. പ്രവാസി വോട്ടർമാരാണെങ്കിൽ ഫോം ആറ് എ ആണു സമർപ്പിക്കേണ്ടത്. ആവശ്യമായ വിവരങ്ങൾ സമർപ്പിച്ചിട്ടില്ലാത്തവരെ ഇലക്ട്രറൽ രജിസ്ട്രേഷൻ ഓഫിസർമാർ ഹിയറിങ്ങിനു വിളിക്കും. അതിനിടെ ഇന്നലെ വൈകിട്ട് ആറു മണി വരെ ഡിജിറ്റലൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 2,78,48,827 ആയി. ഇത് ആകെ വിതരണം ചെയ്ത ഫോമുകളുടെ 99.99 ശതമാനമാണ്.

✪✪✪

24 ലക്ഷത്തി 81,000 ഫോമുകൾ തിരികെ ലഭിച്ചിട്ടില്ല. ഇതിൽ ആറര ലക്ഷത്തോളം പേർ മരിച്ചവരാണ്. കണ്ടെത്താൻ കഴിയാത്ത വോട്ടർമാരുടെ എണ്ണം ആറ് ലക്ഷത്തി 89,000ത്തോളമാണ്. എട്ട് ലക്ഷത്തി 21,000 ത്തിലേറെ പേർ താമസം മാറ്റി. ഇവരുടെ പട്ടിക ബൂത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. BLA-മാർക്ക് പട്ടിക കൈമാറിയെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു.

കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അതിൽ പേര് ഉണ്ടോ എന്ന് എല്ലാവരും പരിശോധിക്കണമെന്ന് ഡോ. കേൽക്കർ അഭ്യർത്ഥിച്ചു. വോട്ടർ പട്ടിക പരിഷ്കാരണ നടപടികളിൽ പങ്കാളികൾ ആകാത്തവരെ ബോധവൽക്കരിക്കാൻ നിലവിലെ സ്വീപ് പരിപാടികൾ പ്രയോജനപെടുത്തും എന്നും ഡോ. കേൽക്കർ പറഞ്ഞു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ, പുതുച്ചേരിയുടെ ഭാഗമായ മാഹിയിൽ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. 15,506 സ്ത്രീകളും 13,001 പുരുഷന്മാരും ഉൾപ്പെടെ 28,507 വോട്ടർമാർ കരട് വോട്ടർപട്ടികയിലുണ്ട്.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഒമാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് സുൽത്താൻ ഹൈതം ബിൻ താരിഖുമായി ഉഭയകക്ഷി ചർച്ച നടത്തും. മൂന്ന് രാജ്യ സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ വൈകിട്ടാണ് പ്രധാനമന്ത്രി

മസ്കറ്റിലെത്തിയത്. ഉപപ്രധാനമന്ത്രി സയ്യിദ് ഷിഹാബ് ബിൻ താരിഖ് അൽ സയിദ് നരേന്ദ്രമോദിയെ വിമാനത്താവളത്തിൽ സ്വീകരിച്ചു.

ഇന്ത്യയും, ഒമാനും സ്വതന്ത്ര വ്യാപാര കരാറായ, സമഗ്ര- സാമ്പത്തിക പങ്കാളിത്ത ഉടമ്പടി ഒപ്പുവെയ്ക്കുന്ന ചരിത്രപരമായ ദിവസമാണിന്ന്. കേന്ദ്രവാണിജ്യ മന്ത്രി പിയൂഷ് ഗോയലും, ഒമാൻ വ്യാപാരമന്ത്രി കൈസ് അൽ യൂസഫും, ഒമാൻ സുൽത്താന്റെയും, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെയ്ക്കുന്നത്. ഒമാനിലെ ഇന്ത്യക്കാരുമായും വിദ്യാർത്ഥികളുമായും പ്രധാനമന്ത്രി ഇന്ന് സംവദിക്കും.

ഒമാനുമായി ഇന്ത്യക്ക് ചരിത്രപരമായ ബന്ധമുണ്ടെന്നും ഇരു രാജ്യങ്ങളും ഉറ്റ സൗഹൃദം പുലർത്തുന്നവരാണെന്നും പങ്കാളിത്തം കൂടുതൽ വർദ്ധിപ്പിക്കാൻ ഇന്നത്തെ ചർച്ചകളും കൂടിക്കാഴ്ചകളും വഴിയൊരുക്കുമെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ ചർച്ചയ്ക്ക് ലോക്സഭയിൽ ഇന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ മറുപടി നൽകും. ബിൽ ചർച്ച ഇന്നലെ രാത്രി വൈകിയാണ് അവസാനിച്ചത്. 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിനനുസൃതമായാണ് ബിൽ അവതരിപ്പിച്ചത്.

ഓരോ സാമ്പത്തിക വർഷവും 125 ദിവസത്തെ തൊഴിലിന് നിയമപരമായ അവകാശം ഗ്രാമീണ കുടുംബങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലാണ് ബില്ലിലെ വ്യവസ്ഥകൾ തയ്യാറാക്കിയിരിക്കുന്നത്. ഇതിനാവശ്യമായ തുക കേന്ദ്രവും, സംസ്ഥാനങ്ങളും 60 - 40 അനുപാതത്തിൽ നൽകണമെന്നാണ് ബിൽ നിർദ്ദേശിക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു പകരമായാണ് പുതിയ ബിൽ കൊണ്ടുവന്നത്.

✪✪✪

ഇന്ത്യയും സൗദി അറേബ്യയും ഔദ്യോഗിക യാത്രകൾക്ക് വിസ ഒഴിവാക്കുന്ന കരാർ ഒപ്പുവെച്ചു. സൗദിയിലെ ഇന്ത്യൻസ്ഥാനപതി സുഹേൽ അജാസ് ഖാനും സൗദി ഡെപ്യൂട്ടി മന്ത്രി അബ്ദുൾ മജീദ് ബിൻ റഷീദ് അൽസ്മാരിയും റിയാദിലാണ് കരാറിലൊപ്പിട്ടത്. ഇരു രാജ്യങ്ങളിലേയും ഡിപ്ലോമാറ്റിക് - സ്പെഷ്യൽ- ഒഫിഷ്യൽ പാസ്പോർട്ട് കൈവശക്കാർക്കാണ് ഹ്രസ്വകാല സന്ദർശനത്തിന് വിസ ഒഴിവാക്കിയത്.

✪✪✪

ഈ വർഷത്തെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും. വൈകീട്ട് സാഹിത്യ അക്കാദമി കോൺഫറൻസ് ഹാളിലെ ചടങ്ങിൽ ഇന്ത്യയിലെ 24 ഭാഷകളിലെ മികച്ച സാഹിത്യ സൃഷ്ടികളിൽ നിന്ന് തെരഞ്ഞെടുത്ത അവാർഡ് ജേതാക്കളെ വെളിപ്പെടുത്തും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പ് കേരളത്തിൽ ദേശീയപാതാ നിർമ്മാണം പൂർത്തീകരിക്കാനാണ് ശ്രമമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ലോക്സഭയിൽ പറഞ്ഞു. വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും KC വേണുഗോപാലിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി ഗഡ്കരി വ്യക്തമാക്കി.

✪✪✪

ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി രാജ്യരക്ഷാ മന്ത്രാലയവും, My Bharath ഉം ചേർന്ന് സംഘടിപ്പിക്കുന്ന ദേശീയതല ഓൺലൈൻ മത്സരങ്ങളിൽ പങ്കാളികളാകാൻ കേന്ദ്രം ജനങ്ങളോട് അഭ്യർത്ഥിച്ചു. വന്ദേമാതരം ഉപന്യാസ രചന, പെയ്ന്റിംഗ്, വന്ദേമാതര ആലാപനം എന്നീയിനങ്ങളിൽ ഈ മാസം 31 വരെ പങ്കെടുക്കാം.

✪✪✪

ജിദ്ദയിൽനിന്ന് കരിപ്പൂരിലേക്ക് 160 യാത്രക്കാരുമായി വരികയായിരുന്ന എയർ ഇന്ത്യ എക്സ്പ്രസ് വിമാനം IX-398 കൊച്ചി വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കി.

ജിദ്ദയിൽനിന്ന് പറന്നുയരുന്നതിനിടെ വിമാനത്തിന്റെ ടയറിന് പൊട്ടലുണ്ടായെന്നാണ് വിലയിരുത്തൽ. തുടർന്ന് ലാൻഡിങ് ഗിയറിൽ സാങ്കേതിക പ്രശ്നം ഉണ്ടാവുകയും ചെയ്തു. തുടർന്നാണ് വിമാനം കൊച്ചിയിലേക്ക് അടിയന്തര ലാൻഡിങ്ങിനായി തിരിച്ചുവിട്ടത്.

രാവിലെ 9.07 ഓടെ വിമാനം സുരക്ഷിതമായി ലാൻഡ് ചെയ്തുവെന്ന് സിയാൽ അറിയിച്ചു. ലാൻഡിങ്ങിനു ശേഷം പരിശോധനയിലാണ് ടയറുകൾ പൊട്ടിയതായി കണ്ടെത്തിയത്. യാത്രക്കാരെ മറ്റൊരു വിമാനത്തിൽ കരിപ്പൂരിലേക്ക് എത്തിക്കുമെന്ന് അധികൃതർ അറിയിച്ചു. അതിനു സാധിച്ചില്ലെങ്കിൽ റോഡ് മാർഗം എത്തിക്കും.

✪✪✪

ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം നാളെ മുതൽ രാവിലെ 10.15ന്, പത്ത് മിനിറ്റ് പ്രത്യേക വാർത്താ ബുള്ളറ്റിൻ പ്രക്ഷേപണം ചെയ്യും. അടുത്ത വർഷത്തെ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങളും പശ്ചാത്തലവും ശ്രോതാക്കളിലേക്ക് എത്തിക്കുകയാണ് പ്രത്യേക വാർത്താ ബുള്ളറ്റിന്റെ ഉദ്ദേശ്യം. തദ്ദേശ തെരഞ്ഞെടുപ്പിന് ശേഷം കേരളത്തിൽ ഉരുത്തിരിഞ്ഞേക്കാവുന്ന രാഷ്ട്രീയ നിലപാടുകൾക്കും വികസന കാഴ്ചപ്പാടുകൾക്കുമായിരിക്കും ബുള്ളറ്റിൻ ഊന്നൽ നൽകുന്നത്. ഇതിന് പുറമെ ദേശീയ - സംസ്ഥാന വിശേഷങ്ങളും മറ്റ് വാർത്തകളും ബുള്ളറ്റിനിൽ ഉണ്ടായിരിക്കും. സമയം ഒരിക്കൽ കൂടി ഓർക്കുക.... എന്നും രാവിലെ 10.15 മുതൽ 10.25 വരെ.

✪✪✪

ഗോവ വിമോചന സമരത്തിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്നു ഗോവയിലേക്ക് പോയ ധീര സമരപോരാളികളുടെ കുടുംബാംഗങ്ങളെ ഗോവ വിമോചന ദിനമായ നാളെ ലോക് ഭവനിൽ ആദരിക്കും. വൈകിട്ട് സംഘടിപ്പിക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും.

✪✪✪

കേരളത്തിലെ രണ്ട് സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റും ഗവർണറും സമവായത്തിലെത്തിയതിൽ സുപ്രീംകോടതി സംതൃപ്തി അറിയിച്ചു. ചൊവ്വാഴ്ച ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും തമ്മിലുണ്ടായ കൂടിക്കാഴ്ചയിൽ നിയമന പ്രശ്നത്തിൽ സമവായത്തിലെത്തിയതായി അറ്റോർണി ജനറൽ R വെങ്കട്ടരമണി ഡിവിഷൻ ബെഞ്ചിനെ അറിയിക്കുകയായിരുന്നു. നിയമനത്തിൽ സമവായമുണ്ടാക്കിയ ശേഷം തീരുമാനം അറിയിക്കാൻ സുപ്രീം കോടതി നേരത്തെ ആവശ്യപ്പെട്ടിരുന്നു. സാങ്കേതിക സർവകലാശാല വൈസ് ചാൻസലറായി സിസ തോമസ് ഇന്നലെ ചുമതല ഏറ്റിരുന്നു. ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലറായി സജി ഗോപിനാഥ് സ്ഥാനമേൽക്കുന്നതുവരെ സിസ തോമസ് അതിന്റെ അധിക ചുമതലയും വഹിക്കും.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ സമാപനം. വൈകിട്ട് നിശാഗന്ധിയിലാണ് സമാപന ചടങ്ങ്. മേളയുടെ ഏഴാം ദിനം 72 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

തിരുവനന്തപുരത്ത് നിന്ന് രെജുകോലിയക്കോട്...

……വോയ്സ്…….

30 ആമത് കേരള രാജ്യാന്തര ചലച്ചിത്ര മേള സമാപിക്കാൻ ഒരു ദിവസം കൂടി ശേഷിക്കേ പ്രേക്ഷക പ്രീതി നേടിയ ചിത്രങ്ങളാണ് ഇന്ന് പ്രദർശിപ്പിക്കുന്നത്.

മുൻ പ്രദർശനങ്ങളിൽ സിനിമാപ്രേമികളുടെ ഹൃദയം കീഴടക്കിയ നിരവധി ചിത്രങ്ങൾ ഇന്നത്തെ പട്ടികയിലുണ്ട്.ജാഫർ പനാഹി  സംവിധാനം ചെയ്ത ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ്, അലൻ ജെ. പകുല സംവിധാനം ചെയ്ത, ക്ലാസിക് ചിത്രം ഓൾ ദി പ്രസിഡന്റ്സ് മെൻ,ഗാരിൻ നുഗ്രോഹോ സംവിധാനം ചെയ്ത ഇന്തോനേഷ്യൻ മാസ്റ്റർപീസ് സംസാര എന്നിവ ഇന്ന് പ്രദർശിപ്പിക്കും.

ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഫുൾ പ്ലേറ്റ്, ഹെർത്ത് ആൻഡ് ഹോം, സോങ്സ് ഓഫ് ഫോർഗോട്ടൻ ട്രീസ് എന്നിവയാണ് പ്രേക്ഷകർക്ക് മുന്നിൽ എത്തുന്നത്.

മലയാളം സിനിമ ടുഡേ വിഭാഗത്തിൽ ശേഷിപ്പ്, അന്യരുടെ ആകാശങ്ങൾ, സമസ്ഥ ലോക, മോഹം, ശവപ്പെട്ടി, അംബ്രോസിയ, ചാവുകല്യാണം എന്നിവയും ഇന്ന് പ്രദർശനത്തിനുണ്ട്.

ഫീമെയിൽ ഫോക്കസ് വിഭാഗത്തിൽ നോ അദർ ചോയ്സ്, സിറാത്ത്, ഡ്രീംസ് എന്നീ ചിത്രങ്ങളും വേൾഡ് & കണ്ടെമ്പററി സിനിമയിൽ  പലസ്തീൻ 36, വാജിബ്, ബീഫ് എന്നിവയും ഇന്ന് പ്രദർശിപ്പിക്കും.

മലയാളം സിനിമ ആസ്പദമാക്കിയ ദേശീയ സെമിനാർ ഇന്ന് ഉച്ചയ്ക്ക് 2.30ന് നിള തിയേറ്ററിൽ നടക്കും.

✪✪✪

30-ാമത് IFFK : ഓഡിയൻസ് പോൾ അവാർഡിന്റെ വോട്ടിങ് രാവിലെ പത്തിന് ആരംഭിച്ചു.

ഔദ്യോഗിക വെബ്സൈറ്റ് വഴിയെ  IFFK മൊബൈൽ ആപ്പ് വഴിയോ വോട്ടുകൾ രേഖപ്പെടുത്താം. നാളെ  ഉച്ചയ്ക്ക് 2 വരെയാണ് പോളിങ്. 14 ചിത്രങ്ങൾ അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ ഊണ്ടായിരിക്കും. മത്സര

മത്സരവിഭാഗത്തിൽ നിന്ന് രജത ചകോരം ഓഡിയൻസ് പോൾ അവാർഡിന് തെരഞ്ഞെടുക്കുന്ന ചിത്രത്തിന്റെ നിർമ്മാതാവും സംവിധായകനും രണ്ട് ലക്ഷം രൂപ അവാർഡ് തുക പങ്കിടും.

✪✪✪

BDJS ന് തദ്ദേശ തിരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാനായി ല്ലെന്നും NDA മുന്നണിയിൽ തുടരണമോ എന്ന കാര്യം അവർ ആലോചിക്കട്ടെ എന്നും SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അഭിപ്രായപ്പെട്ടു . സ്നേഹം കൊടുത്ത് സ്നേഹം വാങ്ങുന്ന പ്രസ്ഥാനമാണ് SNDP എന്നും താൻ വർഗീയവാദിയാണെന്ന് മുസ്ലിം ലീഗ് വെറുതേ പ്രചരിപ്പിക്കുകയാണെന്നും നടേശൻ കണിച്ചിക്കുളങ്ങരയിൽ മാധ്യമങ്ങളോട് പറഞ്ഞു. മുസ്ലിം ലീഗ് ഭരിച്ചപ്പോൾ വിദ്യാഭ്യാസവകുപ്പിനെ സമുദായ വകുപ്പാക്കി മാറ്റിയെന്നും വെള്ളാപ്പള്ളി ആരോപിച്ചു.

✪✪✪

ശബരിമല ദ്വാരപാലക ശില്പങ്ങളിലെ സ്വർണം കവർന്നകേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A പത്മകുമാറിന്റെ റിമാൻഡ് കാലാവധി ഈമാസം 30 വരെ നീട്ടി. ഇതേ കേസിൽ ഉണ്ണികൃഷ്ണൻ പോറ്റിയുടെയും ജാമ്യാപേക്ഷ 30 -ാം തീയതി വീണ്ടും പരിഗണിക്കും. കൊല്ലം വിജിലൻസ് കോടതിയുടേതാണ് ഉത്തരവ്.

✪✪✪

സന്നിധാനത്ത് ഭക്തജനത്തിരക്ക് തുടരുന്നു. 27നാണ് മണ്ഡലപൂജ.

പത്തനംത്തിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

.........വോയ്സ്.....

മണ്ഡലകാല സമാപനത്തിന് എട്ടുനാൾ മാത്രം ശേഷിക്കേ സന്നിധാനത്ത് തിരക്ക് തുടരുകയാണ്. ഇന്നു രാവിലെ 11വരെ 41852 തീർഥാടകർ ദർശനം നടത്തി. ഇതിൽ

4686 പേരാണ് സ്പോട്ട് ബുക്കിംഗ് വഴി ദർശനം നടത്തിയത്. ഈ മാസം 23 ന് ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നും തങ്കയങ്കി ഘോഷയാത്ര സന്നിധാനത്തേയ്ക്ക് പുറപ്പെടും. 26 ന് സന്നിധാനത്ത് തങ്കയങ്കി ചാർത്തി ദീപാരാധന നടക്കും. 27 നാണ് മണ്ഡലപൂജ.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ഫൈനലിൽ നാളെ കണ്ണൂരിൽ ആതിഥേയരായ കണ്ണൂർ വാരിയേഴ്സ് FC യും തൃശൂർ മാജിക് FC യും ഏറ്റുമുട്ടും. വൈകീട്ട് ആറിന് മുനിസിപ്പൽ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ദേശീയ ജൂനിയർ സ്കൂൾ മീറ്റിൽ കേരളത്തിന് കന്നിക്കിരീടം. സീനിയർ, സബ് ജൂനിയർ സ്കൂൾ മീറ്റുകളിലും കേരളത്തിനായിരുന്നു ചാമ്പ്യൻ പട്ടം. ഇതോടെ ദേശീയ സ്കൂൾ മീറ്റിൽ കേരളം ട്രിപ്പിൾ കിരീടം സ്വന്തമാക്കി.

✪✪✪

ഫിലിം സൊസൈറ്റി പ്രവർത്തകൻ കണ്ണൂർ പയ്യന്നൂരിലെ PM മുരളീധരൻ നിര്യാതനായി. 71 വയസ്സായിരുന്നു. കുട്ടികൾക്കായി ചലച്ചിത്രോത്സവങ്ങൾ ആദ്യമായി സംഘടിപ്പിച്ചത് മുരളീധരനാണ്. സംസ്കാരം വൈകീട്ട് പയ്യന്നൂർ കണ്ടങ്കാളി സമുദായ ശ്മശാനത്തിൽ നടത്തും.

✪✪✪

കണ്ണൂർ പാനൂരിലെ പാറാട്ട്, തദ്ദേശ തിരഞ്ഞെടുപ്പ് ഫല പ്രഖ്യാപനത്തിനുശേഷം വിജയാഹ്ലാദത്തിനിടെയുണ്ടായ സംഘർഷങ്ങളിൽ 20 പേരെ പൊലീസ് അറസ്റ്റ് ചെയ്തു. മുസ്ലിംലീഗ്, CPIM പ്രവർത്തകർ ആണ് അറസ്റ്റിലായത്.

✪✪✪

കണ്ണൂർ- മട്ടന്നൂർ പാതയിൽ എടയന്നൂരിൽ സ്വകാര്യ ബസ് മറിഞ്ഞ് 10 പേർക്ക് പരിക്കേറ്റു. മട്ടന്നൂരിൽ നിന്ന് കണ്ണൂരിലേക്ക് വരികയായിരുന്ന സ്വകാര്യ ബസാണ് ഇന്നലെ വൈകിട്ട് ആറു മണിയോടെ കാറിലിടിച്ച് മറിഞ്ഞത്.

✪✪✪

തൃശൂർ കടങ്ങോട് മണ്ടംപറമ്പിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച പന്നികളുടെ ദയാവധം ആരംഭിച്ചു. ഒരു കിലോമീറ്റർ ചുറ്റളവിൽ അഞ്ച് ഫാമുകളിലെ മുന്നൂറിലധികം പന്നികളെയാണ് കൊന്നൊടുക്കുന്നത്.

✪✪✪

*News Editor : അനിൽ ചന്ദ്രൻ*
*News Reader: സിയാബ്*
*NRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*